പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2775 — 27.01.2014 -ലെ മറുപടിക്ക്.

**ക്ഷേമ പെൻഷനുകൾ കുടിശ്ശിക വരുത്താതെ വിതരണം ചെയ്യാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ലൂഡി ലൂയിസ്:<br>ശ്രീ. എ. റ്റി. ജോർജ്:<br>ശ്രീ. പി. സി. വിഷ്ണുനാഥ്:<br>ശ്രീ. ഹൈബി ഈഡൻ: | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ക്ഷേമ പെൻഷനുകൾ ഈ സർക്കാരിന്റെ കാലത്ത് വർദ്ധിപ്പിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട്. സർക്കാർ ഉത്തരവ് 339/13/ധന തീയതി 12/07/2013 പ്രകാരം കർഷക തൊഴിലാളി പെൻഷൻ ഉൾപ്പെടെയുള്ള എല്ലാ സാമൂഹ്യ സുരക്ഷ പെൻഷനുകളും 01/04/2013 മുതൽ 400/- രൂപയിൽ നിന്ന് 500/- രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) എത്ര ശതമാനം വർദ്ധനവാണ് വരുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ ; | (ബി) 25 ശതമാനം വർദ്ധനവ്. |
| (സി) എല്ലാ ക്ഷേമ പെൻഷനുകളും കുടിശ്ശിക വരുത്താതെ കൃത്യസമയത്ത് വിതരണം പൂർത്തിയാക്കിയിട്ടുണ്ടോ; വിശദമാക്കുമോ ; | (സി) ഇല്ല. തൊഴിൽ വകുപ്പ് മുഖേന നടപ്പാക്കി വരുന്ന കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിലെയും അസംഘടിത തൊഴിലാളി റിട്ടയേർഡ് വർക്കേഴ്സ് പെൻഷനും 2013 ജൂൺ മാസം വരെയും, കേരള കർഷക തൊഴിലാളി ക്ഷേമ ബോർഡിലെ പെൻഷനും, കേരള മരംകയറ്റ തൊഴിലാളി അവശതാ പെൻഷനും, ബീഡി & സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷനും 2013 സെപ്തംബർ മാസം വരെയും, ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻ 2013 ജൂലൈ മാസം വരെയും നല്കിയിട്ടുണ്ട്. |
| (ഡി) ഇതിനായി എന്തെല്ലാം നടപടികളാണ് ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (ഡി) 2013 ഡിസംബർ മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

Deepu

സെക്ഷൻ ഓഫീസർ